(ബി) ശുദ്ധീകരണശാലയുടെ പണികൂടി പൂർത്തീകരിച്ചശേഷമേ പദ്ധതി കമ്മീഷൻ ചെയ്യുവാൻ കഴിയുകയുള്ളു.

മലപ്പുറം ജില്ലയിൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പദ്ധതികൾ

47 [1025] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ ഈ വർഷം പുതിയ പദ്ധതികൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ വ്യക്തമാക്കാമോ;

(സി) മഞ്ചേരി മണ്ഡലത്തിൽ തോട്ടുപൊയിൽ പ്രദേശത്ത് ഏതെങ്കിലും പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

ചേർപ്പ് നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

48 [1026] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പാറളം ശുദ്ധജല വിതരണ പദ്ധതി എന്നാണ് ആരംഭിച്ചത്; പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ഇത് എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ കോർപ്പറേഷൻ പ്രദേശത്ത് പ്രത്യേക പദ്ധതി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അത് തുടങ്ങുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) കുർക്കഞ്ചേരി മേഖലയിലെ ശുദ്ധജല വിതരണ ക്ഷാമം പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ വിശദവിവരങ്ങൾ:

1. ചേവൂരിനും മരത്താക്കരക്കും വേണ്ടിയുള്ള ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതി . (എസ്റ്റിമേറ്റ് തുക 510.7 ലക്ഷം രൂപ)

2. ഊരകത്തിനും സമീപ വില്ലേജുകൾക്കുംവേണ്ടി എൽ.ഐ.സി. സഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതി. (എസ്റ്റിമേറ്റ് തുക 485 ലക്ഷം രൂപ)

LIBRARY ARCHIVES Kerala Legislative Assembly